**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

2006 ജൂൺ 20-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30 )

24) ക്രമസമാധാനം ഉറപ്പു വരുത്താൻ നടപടി
25) വിനോദ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി
26) ഒരേ തസ്തികയ്ക്ക് ഒരേ പെൻഷൻ പദ്ധതി
27) പോലീസിന്റെ മൂന്നാംമുറ പ്രയോഗം അവസാനിപ്പിക്കാൻ നടപടി
28) സംസ്ഥാനത്തെ വനഭൂമി
29) കർഷകരെ കടബാധ്യതയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി
30) ടൂറിസം സാധ്യതകൾ ഇനിയും ചൂഷണം ചെയ്യപ്പെടാത്ത മേഖലകൾ
31) കാലവർഷക്കെടുതിയിൽ കാർഷിക മേഖലയിലുണ്ടായ നഷ്ടം
32) പോലീസ് സേനയുടെ നവീകരണത്തിന് നടപടി
33) കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർമ്മ പദ്ധതി
**34) നികുതി വീഴ്ച കൂടാതെ ഈടാക്കാൻ നൂതന പദ്ധതി**
**35) സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി**
36) ടൂറിസം വികസനത്തിനുള്ള പുതിയ പദ്ധതികൾ
**37) ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കാർഷിക വായ്പ**
**38) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി**
**39) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**
**40) നികുതിവെട്ടിപ്പ് ഇല്ലാതാക്കുവാൻ നടപടി**
**41) കവർച്ച അമർച്ചചെയ്യുന്നതിന് പ്രത്യേക പോലീസ് സംവിധാനം**
**42) കാർഷിക വികസന സമിതികൾ പുനസംഘടിപ്പിക്കുന്നതിന് നടപടി**
**43) കാലവർഷ കെടുതിയിൽ കൃഷിനാശം  സംഭവിച്ചവർക്ക് ആശ്വാസ നടപടി**
44) ഗുണ്ടാമാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനുള്ള നടപടി
45) പോലീസ് സേനയെ നവീകരിക്കുന്നതിന് പദ്ധതി
46) സംസ്ഥാനത്തിന്റെ ധനസ്ഥിതി
47) കുട്ടനാട് മേഖലയിലെ നെൽകൃഷിക്കാരുടെ  പ്രശ്നങ്ങൾ
48) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിനോദസഞ്ചാരമേഖല വികസനം
49) വിനോദസഞ്ചാരമേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി
50) എൻഡോസൾഫാൻ കീടനാശിനി ഉപയോഗം
51) പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം
52) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് നടപടി
53) വിഭവ സമാഹരണത്തിന് പ്രത്യേക പാക്കേജ്

# ക്രമസമാധാനം ഉറപ്പു വരുത്താൻ നടപടി

24 ശ്രീ. പി. വിശ്വൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. ഡി. ദേവസ്സി
" എം. ജെ. ജേക്കബ്
" കെ. വി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സേനാബലം കുറഞ്ഞ സ്ഥലങ്ങളിൽ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പോലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവും ആക്കി മാറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

## ശ്രീ.കോടിയേരി ബാലകൃഷ്ണൻ
## (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)

(എ) ക്രമസമാധാന പരിപാലനത്തിനായി മതിയായ പോലീസ് ഉദ്യോഗസ്ഥന്മാരെ വിന്യസിപ്പിച്ചും രാത്രിയും പകലും ഊർജ്ജിതമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും രഹസ്യ വിവരങ്ങൾ ശേഖരിച്ചും പ്രശ്ന ബാധിത പ്രദേശങ്ങളിലും പ്രശ്ന സാധ്യതയുള്ള പ്രദേശങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തിയും കൂടുതൽ സേനയെ വിന്യസിപ്പിച്ചും കണ്ട്രോൾ റൂം , ഫ്ളയിംഗ് സ്ക്വാഡ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തിയും വനിതാ സെല്ലും ഹെൽപ്പ് ലൈനും കാര്യക്ഷമമായി പ്രവർത്തിപ്പിച്ചും ആന്റി ഗുണ്ടാ സ്ക്വാഡ് രൂപീകരിച്ചും തിരക്കുള്ള സ്ഥലങ്ങളിൽ കർശന പരിശോധന നടത്തിയും വാഹന പരിശോധന നടത്തിയും പോലീസ് പിക്കറ്റ്, എക്സ് കൺവിക്റ്റ് ചെക്ക്, പോലീസ് ബീറ്റ്, മുതലായവ ഏർപ്പെടുത്തിയും ക്രൈം മോണിറ്ററിംഗ് സെൽ, ക്രൈം സ്റ്റോപ്പർ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി ബന്ധപ്പെട്ട് മീറ്റിംഗുകൾ വിളിച്ചുകൂട്ടി നടപടികൾ സ്വീകരിച്ചും കുറ്റവാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയും മോട്ടോർ സൈക്കിൾ പട്രോളിംഗ് ഏർപ്പെടുത്തിയും മഫ്ടി പോലീസിനെ നിയോഗിച്ചും ക്രമസമാധാനം ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവിധതലങ്ങളിൽ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) അംഗബലം വർദ്ധിപ്പിച്ചും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും കൂടുതൽ വാഹനങ്ങൾ നൽകിയും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും പോലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. കൺട്രോൾ റൂമുകളിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള കാലതാമസം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

## വിനോദ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി

25 ശ്രീ.എ. എം. ആരിഫ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ.സി. രാജഗോപാലൻ
„ കെ. വി. അബ്ദുൾഖാദർ
„ മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനവും സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(ബി) വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് സ്ട്രാറ്റജി വിശദമാക്കാമോ;

(സി) വിനോദസഞ്ചാരമേഖല വഴി സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം എന്തു തുക അധിക വിഭവമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**ഉത്തരം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യ വികസനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിച്ചെടുക്കൽ, ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ വികസനം, നടപ്പാതകളുടെ വികസനം , ലൈറ്റിംഗ്, ടോയ്‌ലറ്റ്, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയ സൗകര്യങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളിലുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ, സുവനീർ സെന്ററുകൾ തുടങ്ങിയവയ്ക്ക് ഗുണമേന്മയുടെ അടിസ്ഥാനത്തിലുള്ള അംഗീകാരം നൽകൽ, ടൂറിസം പോലീസിന്റെയും ലൈഫ് ഗാർഡുകളുടെയും വിന്യാസം, ടൂറിസം ഗൈഡ് ട്രെയിനിംഗ്, ടൂറിസം രംഗത്തെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങി വിവിധ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെത്തുന്ന വിനോദ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനവും, സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി ടൂറിസം വകുപ്പ് നടത്തിവരുന്നത്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും കുടുംബശ്രീ പോലുള്ള ഏജൻസികളുടെ സഹകരണത്തോടെ വകുപ്പ് നടത്തിവരുന്നുണ്ട്.

(ബി) വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന പരിപാടികൾ താഴെ കൊടുക്കുന്നു . കേരളത്തിലെ പ്രധാന സംരംഭകരോടൊപ്പം അന്താരാഷ്ട്ര ടൂറിസം മേളകൾ, അന്താരാഷ്ട്രതലത്തിലുള്ള പ്രധാനപ്പെട്ട റോഡു ഷോകൾ , ടൂറിസം സെമിനാറുകൾ എന്നിവയിൽ പങ്കെടുത്ത് കേരളത്തിലെ ടൂറിസം സാധ്യതകളെപ്പറ്റി നേരിട്ട് ബോധ്യപ്പെടുത്തുക, ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ റോഡു ഷോകൾ സംഘടിപ്പിക്കുക, ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽക്കൂടി കേരള ടൂറിസം വികസനത്തെ സംബന്ധിച്ച് പരസ്യം നൽകുക, കേരളത്തിന്റെ ടൂറിസം മേഖല, സാംസ്കാരിക കലകളെപ്പറ്റിയുള്ള ബ്രോഷറുകളും സിഡികളും, പരസ്യ ചിത്രങ്ങളും വിതരണം ചെയ്യുക, കേരള ട്രാവൽ മാർട്ട്, ഇന്ത്യ ഇന്റർ നാഷണൽ റോഡു ഷോ എന്നിവ ലോകത്തിലുള്ള ട്രാവൽ ടൂറിസം മേഖലകളിൽ പ്രവർത്തിക്കുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുക, ടൂറിസം ബോധവൽക്കരണത്തിന് വേണ്ടി സ്കൂൾ- കോളേജ് തലങ്ങളിൽ ടൂറിസം ക്ലബ്ബുകൾ വഴിയും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ വഴിയും അറിവുകൾ നൽകുക എന്നിവയാണ്.

(സി) ടൂറിസത്തിൽ നിന്നുള്ള വരുമാനം കലണ്ടർ വർഷാടിസ്ഥാനത്തിലാണ് കണക്കാക്കപ്പെട്ടുവരുന്നത്. ടൂറിസം വഴി 2006-ൽ ഉദ്ദേശം 9000 കോടി രൂപയുടെ വരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. അതായത് ഏകദേശം 1262 കോടിരൂപയുടെ വർദ്ധനവ് (16%) 2005 വർഷത്തെ അപേക്ഷിച്ച് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## അനുബന്ധം

ഒരു വിദേശ വിനോദസഞ്ചാരി ശരാശരി 2800/- രൂപയും ഒരു ആഭ്യന്തര വിനോദസഞ്ചാരി 1200/- രൂപവരെയും ഒരു ദിവസം കേരളത്തിൽ താമസിക്കുമ്പോൾ ചെലവാക്കുന്നതായി കണക്കാക്കപ്പെടുന്നു. കൂടാതെ ഒരു വിദേശ വിനോദസഞ്ചാരി ശരാശരി 16 ദിവസവും ഒരു ആഭ്യന്തര വിനോദസഞ്ചാരി ശരാശരി 6 ദിവസവും കേരളത്തിൽ ചെലവഴിക്കുന്നു. മുൻവർഷങ്ങളിൽ ടൂറിസം വഴി സംസ്ഥാനത്തിന് ഉണ്ടായ വരുമാനവും വർദ്ധനവും ചുവടെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വർഷം | ടൂറിസം വഴിയുള്ളവരുമാനം (കോടിയിൽ) | മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2001 | 4500 | _ |
| 2002 | 4931 | 9.58 |
| 2003 | 5938 | 20.42 |
| 2004 | 6829 | 15.01 |
| 2005 | 7738 | 13.31 |

## ഒരേ തസ്തികയ്ക്ക് ഒരേ പെൻഷൻ പദ്ധതി

26 ശ്രീ.ബി. രാഘവൻ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
„ വി.ജെ. തങ്കപ്പൻ
„ ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരമുള്ള ഒരേ തസ്തികയ്ക്ക് ഒരേ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് സർക്കാർ ഉത്തരവിലെ സങ്കീർണ്ണതമൂലം പെൻഷൻകാർ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പെൻഷൻകാരുടെ സംഘടനകളുമായി ചർച്ചചെയ്തു ഇക്കാര്യത്തിൽ അടിയന്തിര പരിഹാരം ഉണ്ടാക്കുമോ?

**ഉത്തരം**

**ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) മുൻകാല രേഖകൾ ഹാജരാക്കാതെ തന്നെ പെൻഷൻ താത്ക്കാലികമായി ട്രഷറിതലത്തിൽ തന്നെ പരിഷ്ക്കരിച്ച് നൽകാൻ 08.06.2006-ൽ ജി.ഒ.(പി) നം.253/06/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അനൗദ്യോഗിക ചർച്ചകൾക്ക് ശേഷമാണ് 08.06.2006-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആവശ്യമെങ്കിൽ ഇനിയും ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

## പോലീസിന്റെ മൂന്നാംമുറ പ്രയോഗം അവസാനിപ്പിക്കാൻ നടപടി

27 ശ്രീ. രാജു എബ്രഹാം
„ എം. ചന്ദ്രൻ
„ സി.എം. ദിനേശ്മണി ,
„ ടി.പി. കുഞ്ഞുണ്ണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിനോദ സഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമവിരുദ്ധ അറസ്റ്റ്, അന്യായമായി തടങ്കലിൽ വെക്കൽ, മൂന്നാംമുറ പ്രയോഗം എന്നീ ജന വിരുദ്ധ പോലീസ് നടപടികൾ അവസാനിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(ബി) ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന പോലീസ് അധികൃതർക്കെതിരെ കർശന നടപടി സ്വീക രിക്കാൻ തയ്യാറാകുമോ;

(സി) മാഫിയാ സംഘങ്ങളേയും കുറ്റവാളികളേയും അടിച്ചമർത്തി സാധാരണക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നവരായി പോലീസിനെ മാറ്റാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

**ഉ ത്ത ര ം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) & (ബി) നിയമവിരുദ്ധ അറസ്റ്റ്, അന്യായമായി തടങ്കലിൽ വെക്കൽ, മൂന്നാംമുറ പ്രയോഗം എന്നീ ജന വിരുദ്ധ നടപടികൾ യാതൊരു കാരണവശാലും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലായെന്നും അങ്ങനെ ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടികളും മറ്റു നിയമ നടപടികളും സ്വീകരിക്കുന്നതാണെന്നും കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ബഹു. സുപ്രീം കോടതിയുടെ മാർഗ്ഗരേഖ അനുസരിച്ച് ഒരു വ്യക്തിയെ അറസ്റ്റു ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചും പ്രവർത്തന രീതിയെക്കുറിച്ചുമുള്ള കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മനുഷ്യാവകാശം ലംഘിച്ചുകൊണ്ടുള്ള യാതൊരു വിധ പ്രവർത്തനങ്ങളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) മാഫിയാ സംഘങ്ങളേയും കുറ്റവാളികളേയും അമർച്ച ചെയ്തുകൊണ്ട് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി പൊതു ക്രമസമാധാനനില ഫലപ്രദമായി പരിപാലിക്കുന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. ക്രമസമാധാന പരിപാലനത്തിനായി മതിയായ പോലീസ് ഉദ്യോഗസ്ഥന്മാരെ വിന്യസിപ്പിച്ചും രാത്രിയും പകലും ഊർജ്ജിതമായ പോലീസ് പാട്രോളിംഗ് ഏർപ്പെടുത്തിയും രഹസ്യ വിവരങ്ങൾ ശേഖരിച്ചും പ്രശ്നബാധിത പ്രദേശങ്ങളിലും പ്രശ്ന സാധ്യതയുള്ള പ്രദേശങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തിയും കൂടുതൽ സേനയെ വിന്യസിപ്പിച്ചും കണ്ട്രോൾ റൂം, ഫ്ളയിംഗ് സ്ക്വാഡ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തിയും വനിതാസെല്ലും ഹെൽപ് ലൈനും കാര്യക്ഷമമാ.യി പ്രവർത്തിപ്പിച്ചും ആന്റി ഗുണ്ടാ സ്ക്വാഡ് രൂപീകരിച്ചും , തിരക്കുള്ള സ്ഥലങ്ങളിൽ കർശന പരിശോധന നടത്തിയും പോലീസ് പിക്കറ്റ്, എക്സ് കോൺവിക്റ്റ് ചെക്ക്, പോലീസ് ബീറ്റ് മുതലായവ ഏർപ്പെടുത്തിയും ക്രൈം മോണിറ്ററിംഗ് സെൽ , ക്രൈം സ്റ്റോപ്പർ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി ബന്ധപ്പെട്ട് മീറ്റിംഗുകൾ വിളിച്ചുകൂട്ടി നടപടികൾ സ്വീകരിച്ചും, കുറ്റവാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയും മോട്ടോർ സൈക്കിൾ പാട്രോളിംഗ് ഏർപ്പെടുത്തിയും , മഫ്ടി പോലീസിനെ നിയോഗിച്ചും ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണ്ടാ- മാഫിയാ സംഘങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനുള്ള നിയമത്തിന് സർക്കാർ രൂപം നൽകി വരുന്നുണ്ട്. ബ്ലേഡ് മാഫിയ, മണൽ മാഫിയ, ചാരായ ലോബി, വാഹനങ്ങൾ പിടിച്ചെടുക്കുന്ന സംഘങ്ങൾതുടങ്ങിയ ഗുണ്ടാ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സംസ്ഥാനത്തെ വനഭൂമി

28 ശ്രീ. ബാബു പോൾ
„ എൻ.അനിരുദ്ധൻ
„ കെ. അജിത്ത്
„ പള്ളിപ്രം ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ വനഭൂമിയുണ്ട്, കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ വനഭൂമിയുടെ വിസ്തൃതി കുറഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ വനഭൂമിയാണ് കുറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം
### ശ്രീ.ബിനോയ് വിശ്വം
### (വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) 11,26,452 ഹെക്ടർ വനഭൂമി ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ 5 വർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതി കുറവുണ്ടായിട്ടില്ലെന്ന് രേഖകൾ പറയുന്നു. എന്നാൽ ഈ കാലയളവിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വനം കയ്യേറ്റം നടന്നതായി വിമർശനമുണ്ട്.

(ബി)

വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണയിച്ച് ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വരുന്നുണ്ട്. പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുന്നുമുണ്ട്. പൊതുജനങ്ങൾ വനം കയ്യേറ്റം മുതലായ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഡിപ്പാർട്ട്മെന്റിനെ അറിയിക്കുന്നതിന് വേണ്ടി ഒരു ടോൾഫ്രീ ടെലഫോൺ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. വനം കയ്യേറ്റങ്ങൾ തടയാനും , വന ഭൂമി സംരക്ഷിക്കുന്നതിനും വന സംരക്ഷണ ജീവനക്കാർ നിരന്തരം റോന്ത് ചുറ്റി കുറ്റകൃത്യങ്ങൾ തടയുകയും കുറ്റകൃത്യങ്ങൾ നടന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ച് വരുന്നു. വനസംരക്ഷണ സേനയ്ക്ക് ആവശ്യമായ ആയുധങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും നൽകിയിട്ടുണ്ട്. വനസംരക്ഷണ സമിതികൾ രൂപീകരിച്ച് ജന പങ്കാളിത്തത്തോടെ കൈയ്യേറ്റവും മറ്റും തടയുന്നുണ്ട്. ബഹു. സുപ്രീംകോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സർക്കിൾ തലത്തിൽ കൺസർവേറ്റർ ചെയർമാനായിട്ടുള്ള കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു.

## കർഷകരെ കടബാധ്യതയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി

29

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

ശ്രീ. കെ. സി. കുഞ്ഞിരാമൻ
„ അൽഫോൺസ് കണ്ണന്താനം
„ പി. വിശ്വൻ
„ വി. ചെന്താമരാക്ഷൻ
„ സി. എം. ദിനേശ് മണി

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കടബാധ്യതമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) കടബാധ്യതമൂലം എത്ര കർഷകരാണ് ആത്മഹത്യ ചെയ്തത് എന്ന് വെളിപ്പെടുത്താമോ;

(സി) അവരുടെ കുടുംബത്തിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കർഷകരെ കടബാധ്യതയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് പ്രത്യേകപദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? എങ്കിൽ വിശദമാക്കാമോ ?

**ഉത്തരം**

### ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ)

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കടബാധ്യത മൂലം ആത്മഹത്യ ചെയ്ത 223 കർഷകരുടെ കർഷകരുടെ കുടുംബങ്ങൾക്ക് 50,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്

വയനാട് ജില്ലയിൽ 2000-ന് ശേഷം എടുത്തിട്ടുള്ള 50,000/- രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 3 വർഷത്തേയ്ക്ക് പലിശ ബാദ്ധ്യത ഏറ്റെടുക്കാനും അത് അതാത് വർഷം ബന്ധപ്പെട്ട ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനും പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് കർഷകർക്ക് പലിശ ഇളവ് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. 50,000/- രൂപയിൽ കൂടുതൽ വായ്പ എടുത്തിട്ടുള്ളവർക്കും 50,000/- രൂപ വരെ ടി ആനുകൂല്യം ലഭിക്കുന്നതാണ്. പലിശ അടച്ചുകഴിഞ്ഞവർ ഈ ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു.

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ 50,000/- രൂപ വരെയുള്ള കാർഷിക കടങ്ങൾ ഇളവ് ചെയ്തുകൊടുക്കുന്നതിനും കാർഷിക കടങ്ങൾക്ക് തിരിച്ചടവ് പ്രഖ്യാപിച്ചിട്ടുള്ള മൊറട്ടോറിയം രണ്ട് വർഷത്തിൽ നിന്നും മൂന്ന് വർഷമായി ഉയർത്തുവാനും പുനർവായ്പാ പദ്ധതി ലഭ്യമാക്കിയ കർഷക കുടുംബങ്ങൾക്ക് അനുവദിച്ച വായ്പ കൺവെർട്ട്/റീഷെഡ്യൂൾ ചെയ്ത് കടങ്ങളുടെ പലിശ ഒഴിവാക്കുവാനും മരിച്ച കർഷക കുടുംബങ്ങൾക്കുള്ള ധനസഹായം 50,000/- രൂപയിൽനിന്നും ഒരു ലക്ഷം രൂപയാക്കുവാനും കേന്ദ്ര ഗവൺമെന്റിന് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കർഷകർക്ക് ആശ്വാസം നൽകുന്നതിനായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിൻമേൽ ഒരു വർഷത്തേയ്ക്ക് ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

പുനർവായ്പാ പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ നൽകുന്ന 25,000/- രൂപ വരെയുള്ള കാർഷിക വായ്പകളുടെ പലിശ നിരക്ക് 8.5% ആയും 25,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകളുടെ പലിശ നിരക്ക് 9% ആയും നിജപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കൃഷിനാശംമൂലം കാർഷിക വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരെ സംരക്ഷിക്കുന്നതിനായി കേരള കാർഷിക കടക്കാർ ആക്ടിൽ കടം എന്ന നിർവ്വചന പ്രകാരമുള്ള സ്ഥാപനങ്ങളിൽ ഇന്നും നിലനിൽക്കുന്നതുമായ കടങ്ങൾക്ക് 23..1.2004 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. മൊറട്ടോറിയം കാലാവധിയിൽ പലിശയും പിഴപലിശയിലും ഇളവ് അനുവദിച്ചു

(ബി) കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് 10 കോടി രൂപ 2004 ജൂലൈയിൽ കേന്ദ്ര ഗവൺമെന്റിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കർഷകർ മരിച്ചുപോയ കുടുംബങ്ങൾക്കുള്ള ധനസഹായം 50,000/- രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു.

കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ പ്രതിനിധികൾ 2006 ജൂൺ മാസം 7-ാം തീയതി മുതൽ 11-ാം തീയതി വരെ കർഷക ആത്മഹത്യ ഏറ്റവും കൂടുതൽ നടന്ന വയനാട് ജില്ലയിൽ സന്ദർശനം നടത്തുകയുണ്ടായി. പ്രസ്തുത സംഘം വകുപ്പു തലവൻമാരുമായും മുഖ്യമന്ത്രി. കൃഷി വകുപ്പു മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, സഹകരണ വകുപ്പു മന്ത്രി എന്നിവരുമായി വിശദമായി ചർച്ചകൾ നടത്തുകയു ണ്ടായി. കേരളത്തിലെ കാർഷിക മേഖലയിൽ പുത്തൻ ഉണർവ് പകരുന്നതിന് വേണ്ടിയും കർഷകരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയും ജൂൺ 2006 ൽ ഒരു മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കാർഷിക അനുബന്ധ മേഖലകളിൽ വികസനത്തിനായി 285.22 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കാർഷിക കടബാദ്ധ്യതയിൽ നിന്നും കർഷകർക്ക് ആശ്വാസം പകരുന്നതിനായി വിവിധ കടാശ്വാസ ഉത്തരവുകൾ നിലവിലുണ്ട്. സംസ്ഥാനത്ത് കടക്കെണിമൂലം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കടബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

ആത്മഹത്യ ചെയ്ത കർഷകരുടെ പേരിലുള്ള ഒരു ലക്ഷംരൂപ വരെയുള്ള ബാങ്ക് വായ്പകൾ എഴുതിത്തള്ളാൻ 6..6..2006ൽ കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ പണമിടപാടുകാരിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ സബന്ധിച്ച പ്രശ്നങ്ങളിലേക്ക് ഇറങ്ങി ച്ചെല്ലുന്നതിന് അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു ഋണാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നകാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

## <u>ടൂറിസം സാധ്യതകൾ ഇനിയും ചുഷണം ചെയ്യപ്പെടാത്ത മേഖലകൾ</u>

30 ശ്രീ. പി.ടി.എ. റഹീം
„ ആർ. ശെൽവരാജ്
„ എ. സി. മൊയ്തീൻ,
„ ആനത്തലവട്ടം ആനന്ദൻ
„ സി.എച്ച്. കുഞ്ഞാംബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം സാധ്യതകൾ ഇനിയും ചുഷണം ചെയ്യപ്പെടാത്ത മേഖലകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം മേഖലകളുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കാനുള്ള പദ്ധതികളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ഏറെ ടൂറിസം സാധ്യതയുള്ള ഒട്ടേറെ പ്രകൃതി രമണീയമായ സ്ഥലങ്ങൾ ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വിനോദസഞ്ചാരികൾ അവഗണിക്കുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിനോദസഞ്ചാര പ്രാധാന്യമുള്ള സംസ്ഥാനത്തെ ഒറ്റപ്പെട്ട തുരുത്തുകളെ വികസിപ്പിക്കാനും അവയുടെ തുടർ പരിപാലനം ഉറപ്പാക്കുന്നതിനുമായി എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് ടൂറിസം സാധ്യതകൾ ഉള്ള ഒട്ടേറെ സ്ഥലങ്ങൽ ഉണ്ട്. ഇതിൽ മലബാർ മേഖലയാണ് ഇനിയും പൂർണ്ണമായും ചൂഷണം ചെയ്യപ്പെടാത്ത ടൂറിസം സാധ്യതയുള്ള പ്രധാന മേഖല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കേരളത്തിലെ തുരുത്തുകൾ തീരദേശ നിയമത്തിന്റെ നിയന്ത്രണത്തിൽ വരുമെന്നുള്ളതുകൊണ്ട് സ്ഥിരമായ ഒരു നിർമ്മാണ പ്രവർത്തിയും ഇവിടെ സാധ്യമല്ല. എന്നിരുന്നാലും നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ടൂറിസം സാധ്യതകളുള്ള തുരുത്തുകളെ കണ്ടെത്തി അവയ്ക്ക് പ്രത്യേകം പദ്ധതികൾ തയ്യാറാക്കി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കാലവർഷക്കെടുതിയിൽ കാർഷിക മേഖലയിലുണ്ടായ നഷ്ടം

31 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
„ യു. സി. രാമൻ
„ എം. ഉമ്മർ
„ കെ. കുട്ടി അഹമ്മദ് കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തിടെയുണ്ടായ കാലവർഷക്കെടുതിയിൽ കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം ജില്ലതിരിച്ച് വെളിപ്പെടുത്താമോ;

(ബി) കാർഷിക മേഖലയിലുണ്ടായ നഷ്ടത്തിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ദുരിതബാധിതരായ കർഷകർക്ക് നൽകിയ സഹായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

### ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ) കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടത്തിന്റെ ജില്ലതിരിച്ചുള്ള പ്രാഥമിക കണക്ക് അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

## അനുബന്ധം I

### PRELIMINARY REPORT ON AREA AND NUMBER OF FARMERS AFFECTED WITH ESTIMATED LOSS AND ASSISTANCE PROPOSED

| Sl. No | District | Total Area affected in HA | No. of farmers affected | Estimated loss | Assistance Proposed |
|---|---|---|---|---|---|
| 1. | Thiruvananthapuram | 360 | 9236 | 38459140 | 12493196 |
| 2. | Kollam | 1045 | 11370 | 15434720 | 4038544 |
| 3. | Alappuzha | 6750 | 10743 | 51881725 | 11390426 |
| 4. | Pathanamthitta | 6200 | 3215 | 6138400 | 1308300 |
| 5. | Kottayam | 1200 | 3583 | 27387250 | 4962412 |
| 6. | Idukki | 783.52 | 2073 | 14271210 | 3974291 |
| 7. | Ernakulam | 463 | 2954 | 10557360 | 2546055 |
| 8. | Thrissur | 204.85 | 1312 | 11341500 | 2955123 |
| 9. | Palakkad | 696.94 | 4149 | 43364080 | 12069165 |
| 10. | Malappuram | 3581 | 3622 | 66574520 | 21087956 |
| 11. | Kozhikode | 2065.398 | 1704 | 20019360 | 5110263 |
| 12. | Wayanad | 1540.68 | 6600 | 66683050 | 23105805 |
| 13. | Kannur | 431.7 | 3842 | 19788220 | 4520056 |
| 14. | Kasarkode | 240.9 | 2994 | 15442440 | 3574916 |
| 15. | Total | 25562.988 | 67397 | 407342975 | 113136508 |

(ബി) & (സി) അടുത്തിടെയുണ്ടായ കാലവർഷക്കെടുതിക്ക് പ്രത്യേകമായി കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(ഡി) കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നകിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 765 ലക്ഷം രൂപ ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം –2 ആയി ചേർത്തിരിക്കുന്നു.

## അനുബന്ധം -2

**2006-ലെ കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ക്രമ നം. | ജില്ല | തുക (രൂപ ലക്ഷം) |
|---|---|---|
| 1 | തിരുവനന്തപുരം | 10 |
| 2 | കൊല്ലം | 110 |
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 20 |
| 5 | കോട്ടയം | 31 |
| 6 | ഇടുക്കി | 106 |
| 7. | എറണാകുളം | 105 |
| 8 | തൃശ്ശൂർ | 40 |
| 9 | പാലക്കാട് | 160 |
| 10 | മലപ്പുറം | 56 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 6 |
| 13 | കണ്ണൂർ | 60 |
| 14 | കാസർഗോഡ് | 35 |
| | ആകെ | 765 |

## പോലീസ് സേനയുടെ നവീകരണത്തിന് നടപടി

32 ശ്രീ.പി. കൃഷ്ണപ്രസാദ്
„ബി.രാഘവൻ
„ ബാബു എം. പാലിശ്ശേരി
„ എം.എം. മോനായി
„ എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നേരിടാൻ പോലീസ് സേനയുടെ സാങ്കേതിക സൗകര്യങ്ങളും സേനാംഗങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പോലീസ് സേനയെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) പോലീസ് സേനയുടെ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്. വിവിധ തലങ്ങളിൽ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) 2006-07 വർഷത്തേക്കുള്ള പോലീസ് നവീകരണ പദ്ധതിക്ക് 63.20 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. പോലീസ് സ്റ്റേഷൻ കെട്ടിടം ഉൾപ്പെടെ വിവിധ ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സുകൾ എന്നിവ നിർമ്മിക്കുന്നതിനും പോലീസ് സേനയുടെ ആവശ്യത്തിനായി ആയുധങ്ങൾ , ഉപകരണങ്ങൾ വാഹനങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും പോലീസ് വകുപ്പിലെ കംപ്യൂട്ടറൈസേഷനും ആധുനിക ബോംബ് നിർമ്മാർജ്ജന സാമഗ്രികൾ വാങ്ങുന്നതിനും ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ തുക ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഫോറൻസിക് സെന്റർ തുടങ്ങുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർമ്മ പദ്ധതി

33 ശ്രീ.പി. ജയരാജൻ
ശ്രീ.സി.കെ. സദാശിവൻ
ശ്രീമതി.കെ.കെ. ലതിക
ശ്രീ.എ.സി. മൊയ്തീൻ
ശ്രീ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നാശോന്മുഖമായികൊണ്ടിരിക്കുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വിത്തും വളവും സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാർഷികാവശ്യങ്ങൾക്ക് ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ ;

(ഡി) ആധുനിക കൃഷിരീതികൾ നടപ്പാക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

### ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ) കേരളത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

1. വിവിധ സംസ്ഥാനാവിഷ്കൃത കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പ്ളാൻ ഇനത്തിൽ 173.94 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവയിൽ മിക്കവയും വിള പരിപാലനത്തിനുവേണ്ടിയാണ് നടപ്പിലാക്കുന്നത്.
2. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി 2005-06 വർഷത്തിൽ 75.02 കോടിരൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുവാൻ വൈകിയതുകൊണ്ട് പദ്ധതികൾ പലതും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2006-07 ൽ നടപ്പിലാക്കുന്നതാണ്. കുരുമുളക്, കശുമാവ്, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, മാവ്, വാഴ കൃഷി ജാതി, കൈതച്ചക്ക, കൊക്കോ എന്നിവയ്ക്കു വേണ്ടിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.
3. ഇവയ്ക്കുപുറമെ, കേരളത്തിലെ കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വ് പകരുന്നതിനുവേണ്ടിയും കർഷകരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയും ജൂൺ 2006-ൽ ഒരു മെമ്മോറാണ്ടം കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയുണ്ടായി. കാർഷിക- അനുബന്ധ മേഖലകളിൽ വികസനത്തിനായി 285.22 കോടിരൂപ കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.
4. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.
5. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമീക സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ള കർഷകരുടെ 25,000/- രൂപവരെയുള്ള വായ്പകളിൽ കൃത്യമായി വായ്പ തിരിച്ചടക്കുന്നവർക്ക് 5% അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ആയി അനുവദിച്ചുവരുന്നു. കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ ലഘൂകരിച്ച ഈടു വ്യവസ്ഥകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കാർഷിക കടാശ്വാസ പദ്ധതി എന്നിവ സഹകരണ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കുടിശ്ശിക വായ്പകൾ അടയ്ക്കുന്നതിന് തുടർന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31.12.2006 വരെ ദീർഘിപ്പിക്കുന്നതാണ്.

(ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന പല പദ്ധതികളിലും വിത്തും വളവും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നുണ്ട്.

1.. സംസ്ഥാന പ്ലാൻ പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസനം പ്രകാരം 2006-07 വർഷത്തിൽ 1.20 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുന്നതാണ്. ഹെക്ടറൊന്നിന് പരമാവധി 1000 രൂപ ധനസഹായം നൽകുന്നതിൽ വിത്തിന്റെയും വളത്തിന്റെയും വില ഉൾപ്പെടുന്നു.

തരിശു ഭൂമിയിൽ നെൽകൃഷി നടത്തുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 1000 രൂപ ധനസഹായം നൽകുന്നതാണ്. ഇതിൽ വിത്തിന്റെയും വളത്തിന്റെയും വില ഉൾപ്പെടുന്നു.

2. നാളികേര വികസനത്തിനും ജൈവവള വിത്ത്, രാസവളം എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്.
3. സംയോജിത വളപ്രയോഗം എന്ന പദ്ധതി പ്രകാരം കർഷകർക്ക് സബ്സിഡി നിരക്കിൽ (മോഡൽ ഐ.എൻ.എം.ഫാം.) ജൈവവളം, രാസവളം എന്നിവ നൽകുന്നുണ്ട്.
4. ജൈവകൃഷി പ്രോത്സാഹനം എന്ന പദ്ധതിപ്രകാരം കുരുമുളക്, പച്ചക്കറി, വാഴ കൈതച്ചക്ക, എന്നിവയിൽ യഥാക്രമം 4500 ഹെക്ടർ 225 ഹെക്ടർ, 115 ഹെക്ടർ, 106 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പാക്കുന്നതാണ്. പ്രസ്തുത പദ്ധതികൾ പ്രകാരം സബ്സിഡി നിരക്കിൽ ജൈവവളം, ജൈവ കീടനാശിനികൾ മുതലായവ നൽകുന്നതാണ്.
5. നഗരത്തിൽ ഒരു നാട്ടിൻ പുറം പദ്ധതി പ്രകാരവും സബ്സിഡി നിരക്കിൽ നടീൽ വസ്തുക്കൾ നൽകുന്നതാണ്.
6. മേല്പറഞ്ഞവയ്ക്ക് പുറമെ കൃഷി വകുപ്പിന്റെ ഫാമുകൾ വഴി ഉല്പാദിപ്പിക്കുന്ന എല്ലാ നടീൽ വസ്തുക്കളും കുറഞ്ഞ നിരക്കിലാണ് കർഷകർക്ക് നൽകുന്നത്.

(സി) 2005-06 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര സർക്കാരിന്റെ പുതിയ നയം അനുസരിച്ച് കാർഷിക വായ്പകൾക്ക് 2% പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം കാർഷിക വായ്പക്കുള്ള പലിശ 7% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പലിശ 4% ആയി കുറയ്ക്കാൻ വേണ്ടി കൃഷി വകുപ്പ് വിവിധ എസ്.എൽ.ബി.സി. മീറ്റിംഗുകളിൽ നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട് .

വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാർത്ഥം വയനാട് ജില്ലയിലെ കർഷകർക്ക് കൃഷി ഭവൻ മുഖാന്തിരം അപേക്ഷകൾ വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് പ്രായോഗികവും പ്രയോജനപ്രദവുമാകുകയാണെങ്കിൽ മറ്റുജില്ലകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

ഗഹാൻ സമ്പ്രദായം നടപ്പിലാക്കുകയും ഈടു വ്യവസ്ഥകളിൽ ഭേദഗതി വരുത്തുകയും ചെയ്യുക വഴി സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾത്തന്നെ ലഘൂകരിച്ചിട്ടുണ്ട്. സാങ്കേതിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതാണ്.

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന താഴെ കാണിച്ചിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ വഴി കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു.

1. RATTC , Taliparamba (Kannur)
2. RATTC , Malampuzha (Palakkad)
3. RATTC , Vyttila (Ernakulam)
4. RATTC , Kozha (Kottayam)
5. RATTC , Kazhakoottam (Thiruvananthapuram)
6. FTC, Feroke
7. FTC, Pandalam.

ഇതിനു പുറമെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പല പദ്ധതികളുടെ ഭാഗമായിട്ടും കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്. ഉദാഹരണത്തിന് ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ.

## നികുതി വീഴ്ച കൂടാതെ ഈടാക്കാൻ നൂതന പദ്ധതി

34 പ്രൊഫ. എൻ.ജയരാജ്
ശ്രീ. സി.എഫ്.തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിൽപ്പന നികുതി വരുമാനത്തിലെ വെട്ടിപ്പ് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നികുതി വീഴ്ചകൂടാതെ ഈടാക്കുവാൻ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം: ഡോ. തോമസ് ഐസക്**
**(ധനകാര്യ വകുപ്പു മന്ത്രി)**

(എ) (1) ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു,

(2) നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ മൂല്യവർദ്ധിത നികുതി നിയമം 44-ാം വകുപ്പു പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

(3) റയിൽവേസ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.

(4) ചരക്കുകൾ വാഹനങ്ങൾ വഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞു നിർത്തി പരിശോധിച്ച്, രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

(5) സംസ്ഥാന അതിർത്തിയിലെ ഇടവഴികൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി പാലക്കാട്, കാസർഗോഡ്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പുതിയ ചെക്പോസ്റ്റുകൾ സ്ഥാപിച്ച് നികുതി ചോർച്ച തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

(6) ചെക്ക്പോസ്റ്റുകൾ വഴി കടന്നു പോകുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു.

(ബി) ഇല്ല

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി

35 ശ്രീ. എ.എം. യൂസഫ്
ശ്രീ. എം. ചന്ദ്രൻ
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീമതി ജെ. അരുന്ധതി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് പോലീസ് വകുപ്പിൽ നിലവിലുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം:– ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് ഐ.ടി കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) 1..12..2003 ലെ ജി.ഒ.(എം.എസ്)250/03ആഭ്യന്തരം, 15..10..2004 ലെ ജി.ഒ.(ആർ.ടി)909/04 ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം കേരളം മുഴുവൻ അധികാരപരിധിയോടുകൂടി തിരുവനന്തപുരത്ത് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഇൻസ്പെക്ടർ ജനറലിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷന് അനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും തസ്തികകളും അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. സൈബർ ഫോറൻസിക്കിൽ ഇതിനകം തന്നെ 32 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

## ടൂറിസം വികസനത്തിനുള്ള പുതിയ പദ്ധതികൾ

36 ശ്രീ. കെ. സി. രാജഗോപാലൻ
,, മഞ്ഞളാം കുഴി അലി
,, കെ. വി. അബദുൾഖാദർ
,, സാജുപോൾ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റു കേന്ദ്രങ്ങൾ നവീകരിക്കുന്നതിനും ആകർഷകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പുതുതായി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് താഴെപറയുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

1. ഫാം ടൂറിസവും പ്ലാന്റേഷൻ ടൂറിസവും
2. അഡ്വഞ്ചർ ടൂറിസം
3. മെഡിക്കൽ ടൂറിസം
4. മൺസൂൺ ടൂറിസം
5. 'എന്റെ ഗ്രാം, ടൂറിസ സൗഹൃദഗ്രാമം' എന്ന പദ്ധതിയിലൂടെ ഗ്രാമങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടേയും ടൂറിസം ഉൽപ്പന്നങ്ങളുടെയും വികസനം
6. സംസ്ഥാനത്തെ പരമ്പരാഗത കാർഷിക വ്യവസായ മേഖലകളുമായി ബന്ധപ്പെടുത്തി പുതിയ ടൂറിസം ഉൽപന്നങ്ങളുടെ വികസനം
7. പുതിയ ടൂറിസം കേന്ദങ്ങളെ കണ്ടെത്തി വികസിപ്പിക്കൽ മുതലായവ

(ബി) സ്വീകരിക്കുന്നതാണ്.

(സി) ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുകയെന്നത് തുടർന്നുവരുന്ന ഒരു നടപടിയാണ്. എന്നാൽ മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ ഇതുവരെ വേണ്ടത്ര ചൂഷണം ചെയ്തിട്ടില്ല. അതുകൊണ്ട് മലബാർ മേഖലയിലെ പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി അവയെ വികസിപ്പിക്കുന്നതിന് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നു. കാസറഗോഡ് ജില്ലയിലെ വലിയപറമ്പ, കണ്ണൂർ ജില്ലയിലെ ധർമ്മടം തുരുത്ത് - മുഴുപ്പിലങ്ങാട് ബീച്ച്, കോഴിക്കോട് ജില്ലയിൽ വടകരയിലെ മണൽതീരം, മലപ്പുറം ജില്ലയിലെ നിലമ്പൂർ, വയനാട് ജില്ലയിലെ ബാണാസുര അണക്കെട്ട്, ബീനാച്ച് എക്കോ പാർക്ക്, മലബാറിലെ കായലുകൾ എന്നീ പുതിയ കേന്ദ്രങ്ങൾ ആദ്യഘട്ടമായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

## ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കാർഷിക വായ്പ

37 ശ്രീ. കെ. കെ. ഷാജു
ശ്രീ. തോമസ് ചാണ്ടി
ശ്രീ. കെ. ബി. ഗണേഷ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷിവകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കാർഷികവായ്പ എഴുതിത്തള്ളാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കാർഷിക വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ; ഇവർക്ക് ലഭിക്കുന്ന ഇളവ് തുക എത്രയെന്ന് വിശദമാക്കുമോ ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) ഉണ്ട്. കാർഷിക കടം എഴുതിതള്ളുന്നതിനായി ഇവരുടെ കടബാധ്യത സംബന്ധിച്ച കൃത്യവും വിശദവുമായ വിവരങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകർക്ക് കടാശ്വാസം നൽകുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക വായ്പയിന്മേലുള്ള പലിശയിൽ ഇളവ് അനുവദിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു. സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പയുടെ തിരിച്ചുപിടിക്കൽ നടപടികൾ ഒരു വർഷത്തേക്ക് നീട്ടി വയ്ക്കുന്നതിനും ഒരു വർഷത്തേക്ക് തിരിച്ചു പിടിക്കൽ വേണ്ടെന്നു വച്ച് കാർഷിക വായ്പയുടെ അത്രയും തുക സഹകരണ സംഘങ്ങൾക്ക് നബാർഡിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ നൽകുന്നതുമാണ്. അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീമിൻ കീഴിൽ കാർഷിക വായ്പ ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

## നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി

38 ശ്രീ.മുരളി പെരുനെല്ലി
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. ആർ. ശെൽവരാജ്
ശ്രീ. കെ.വി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ ഊർജ്ജിതപ്പെടുത്തുന്ന തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ ;

(ബി) വാറ്റ് നിലവിൽ വന്നതിനു ശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) വാറ്റ് നടപ്പാക്കുന്നതിനായി കേന്ദ്രത്തിൽ നിന്ന് എന്തു തുക സഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വാണിജ്യ നികുതി കുടിശ്ശിക ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ട്; ഇത് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ഡോ. തോമസ് ഐസക്**
**(ധനകാര്യ വകുപ്പ് മന്ത്രി)**

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനു മായി സ്വീകരിച്ചു നടപ്പിലാക്കി വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു.
2. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചുകഴി ഞ്ഞാൽ മൂല്യവർദ്ധിത നികുതി നിയമം 44-ാം വകുപ്പ് പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.
3. റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.
4. ചരക്കുകൾ വാഹനങ്ങൾവഴി കടത്തിക്കൊണ്ടു പോകുമ്പോൾ തടഞ്ഞു നിർത്തി പരിശോധിച്ച് രേഖകളില്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.
5. സംസ്ഥാന അതിർത്തിയിലെ ഇടവഴികൾ വഴിയുള്ള കള്ളക്കടത്ത് തടയു ന്നതിനായി പാലക്കാട്, കാസർഗോഡ്, വയനാട്, തിരുവനന്തപുരം ജില്ലക ളിൽ പുതിയ ചെക്ക് പോസ്ററുകൾ സ്ഥാപിച്ച് നികുതി ചോർച്ച തടയുന്ന തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.
6. ചെക്ക് പോസ്റ്റുകൾ വഴി കടന്നുപോകുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു.

(ബി) 31..3..2006 ലെ കണക്കനുസരിച്ച് വറ്റ് നിലവിൽ വന്നതിനുശേഷം നികുതി വരുമാന ത്തിൽ മുൻവർഷത്തേക്കാൾ 3% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 185.85 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് കേരള വിൽപന നികുതി നിയമപ്രകാരവും വാറ്റ് നിയമപ്രകാരവുമാണ്.

(സി) വാറ്റ് നിയമം നടപ്പാക്കുന്നതിനായി 70 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ഡി) വാണിജ്യ നികുതി കുടിശ്ശികയിനത്തിൽ 31..3..2006 ലെ കണക്കനുസരിച്ച് സ്റ്റേ ഉൾപ്പെടെ 3094.02 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇത് പിരിച്ചെടുക്കുന്നതിന് വകുപ്പ് തലത്തിലും റവന്യൂറിക്കവറി നടപടി മുഖേനയും നടപടികൾ നടന്നുവരു ന്നു.

## കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

39 ശ്രീ. സി. എഫ്. തോമസ്
പ്രൊഫ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമീപകാലത്തുണ്ടായ കാറ്റിലും മഴയിലും വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടുളള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) സമീപകാലത്തുണ്ടായ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷ കർക്ക് ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും 765 ലക്ഷം രൂപ വിവിധ ജില്ലാ കളക്ടർമാർക്കായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. വീണ്ടും കൃഷിയിറക്കുന്നതിന് ചെറുകിട നാമ മാത്ര കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടി കളും സ്വീകരിച്ചുവരുന്നു.

## നികുതിവെട്ടിപ്പ് ഇല്ലാതാക്കുവാൻ നടപടി

40 ശ്രീ. വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി സംഘടിത നികുതി വെട്ടിപ്പു നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തിനു കിട്ടേണ്ട എന്തു തുകയ്ക്കുള്ള നികുതി കിട്ടാതെ വരുന്നുണ്ട്;

(സി) വ്യാപകമായ തോതിൽ നടക്കുന്ന ഈ സംഘടിത നികുതി വെട്ടിപ്പ് ഇല്ലാതാക്കുവാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

**ഉത്തരം:- ഡോ. തോമസ് ഐസക്**
**(ധനകാര്യ വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് വ്യാപകമായി സംഘടിത നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ബി ബാധകമല്ല.

(സി) നികുതിയുടെ ഭൂരിഭാഗവും വാണിജ്യനികുതി വകുപ്പാണ് പിരിച്ചെടുക്കുന്നത്. നികുതി വെട്ടിപ്പ് ഉണ്ടാകാതിരിക്കുന്നതിന് താഴെപറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

1. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി, പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു.
2. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചുകഴിഞ്ഞാൽ മൂല്യവർദ്ധിത നികുതി നിയമം 44-ാം വകുപ്പ് പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.
3. റയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതിവെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.
4. ചരക്കുകൾ, വാഹനങ്ങൾ, വഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞു നിർത്തി പരിശോധിച്ച് രേഖകളില്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.
5. സംസ്ഥാന അതിർത്തിയിലെ ഇടവഴികൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി പാലക്കാട്, കാസർഗോഡ്, വയനാട്, തിരുവനന്തപുരം ജില്ലകളിൽ പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് നികുതി ചോർച്ച തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.
6. ചെക്ക് പോസ്റ്റുകൾവഴി കടന്നുപോകുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു.

## കവർച്ച അമർച്ചചെയ്യുന്നതിന് പ്രത്യേക പോലീസ് സംവിധാനം

41 ശ്രീ. ജോസഫ് എം. പുതുശ്ശേരി
,, തോമസ് ചാഴികാടൻ
,, കെ. എം. മാണി
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കവർച്ചയും ബാങ്കുകൊള്ളയും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കവർച്ചകൾ തടയുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ബാങ്കു കവർച്ചകളുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ;

(ഡി) പൊതുജനങ്ങളെ ആശങ്കയിലാഴ്ത്തുന്ന കവർച്ചകളും മറ്റും അമർച്ചചെയ്യുന്നതിന് പ്രത്യേക പോലിസ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കവർച്ചകൾ തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം ധനകാര്യ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സുരക്ഷ കർശനമാക്കുകയും പോലീസ് ബീറ്റ്/നൈറ്റ് പെട്രോളിംഗ് പാർട്ടി ധനകാര്യസ്ഥാപനങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുകയും ചെയ്തുവരുന്നു.

(സി) ബാങ്ക് കവർച്ചകളുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി) നൈറ്റ് പട്രോൾ സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പാക്കുക, ബീറ്റ് സമ്പ്രദായം കാര്യക്ഷമമാക്കുക, രാത്രികാലത്ത് പട്രോൾ ചെക്കിംഗിനുള്ള നടപടികൾ കാര്യക്ഷമമാക്കുക അസമയങ്ങളിൽ സംശയാസ്പദമായി കാണുന്ന വാഹനങ്ങളെയും ആളുകളെയും പരിശോധനയ്ക്ക് വിധേയമാക്കുക, രാത്രികാലങ്ങളിലെ ഹൈവേ പോലീസ് ചെക്കിംഗ് കാര്യക്ഷമമാക്കുക, കളവുകൾ നടന്ന സ്ഥലങ്ങളിൽ ശാസ്ത്രീയ മാർഗ്ഗനങ്ങൾ ഉപയോഗിച്ച് തെളിവ് ശേഖരിക്കുക എന്നീ നടപടികൾ എടുത്തുവരുന്നു.

## കാർഷിക വികസന സമിതികൾ പുനസംഘടിപ്പിക്കുന്നതിന് നടപടി

42 ശ്രീ. എൻ. രാജൻ
„ രാജാജി മാത്യു തോമസ്
„ കെ. രാജു
„ പി. തിലോത്തമൻ
ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭവനുകളോടനുബന്ധിച്ച് രൂപീകരിച്ചു പ്രവർത്തിച്ചിരുന്ന കാർഷിക വികസന സമിതികൾ ഇപ്പോൾ നിലവിലുണ്ടോ; ഈ കാർഷിക വികസന സമിതികൾ പ്രവർത്തന രഹിതമായിട്ട് എത്ര കാലമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

(ബി) ഈ സമിതികൾ പുനസംഘടിപ്പിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) കാർഷിക വികസന സമിതികൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് കാർഷ്ക വികസന സമിതികൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) 2004–ൽ പുന:സംഘടിപ്പിച്ച നിലവിലുള്ള കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) I. പഞ്ചായത്തുതല കാർഷിക വികസന സമിതികൾക്ക് നൽകിയിട്ടുള്ള ചുമതലകൾ താഴെപറയുന്നവയാണ്

1. കാർഷിക വികസന പദ്ധതികളും പ്രോജക്ടുകളും പഞ്ചായത്തുതലത്തിൽ തയ്യാറാക്കുക
2. പഞ്ചായത്തിൽ ഉൾപ്പെട്ട കർഷകരുടെ വിവരം, കൃഷിപണികൾ, മണ്ണിന്റെ ഘടനകൾ എന്നിവയുടെ വിശദമായ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക
3. നടപ്പിലാക്കുന്ന പദ്ധതികളുടെയും ഉപഭോക്താക്കളുടെയും തിരഞ്ഞെടുക്കൽ
4. കാർഷികമേഖലയിലെ അടിസ്ഥാന വികസനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തിരഞ്ഞെടുക്കുക
5. പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാർഷിക വികസന പദ്ധതികളുടെ നിയന്ത്രണവും അവലോകനവും.

II ജില്ലാതല വികസന സമിതികൾക്ക് നൽകിയിട്ടുള്ള ചുമതലകൾ താഴെ പറയുന്നവയാണ്.

1. ജില്ലാ തലത്തിൽ സമഗ്ര കാർഷിക പദ്ധതികൾ തയ്യാറാക്കുക
2. വിത്ത്, വളം ഇവയുടെ ലഭ്യത, വിതരണം എന്നിവയുടെ മേൽനോട്ടം
3. കാർഷിക വികസനത്തിന് ആവശ്യമായ ജലസേചന പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും
4. കാർഷിക വായ്പാ പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും, പ്രകൃക്ഷോഭ ദുരിതാശ്വാസ പദ്ധതിയുടെ തയ്യാറാക്കൽ
5. കൃഷി വകുപ്പും തദ്ദേശ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

## കാലവർഷ കെടുതിയിൽ കൃഷിനാശം സംഭവിച്ചവർക്ക് ആശ്വാസ നടപടി

43 ശ്രീ. എ. കെ. ശശീന്ദ്രൻ
,, പി. എം. എ. സലാം

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

സംസ്ഥാനത്ത് ഈ വർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

സംസ്ഥാനത്ത് ഈ വർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ 67397 കർഷകർക്കായി 40.73 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനാവശ്യമായ 11.31 കോടിരൂപയിൽ 7.65 കോടി രൂപ ഇതിനകം തന്നെ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കണ്ടിജൻസി പദ്ധതിപ്രകാരം കൃഷി നാശം സംഭവിച്ച ചെറുകിട/നാമമാത്ര കർഷകർക്ക് വീണ്ടും വിളയിറക്കുന്നതിനുള്ള വിത്ത് സൗജന്യമായ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 15 ലക്ഷ രൂപ ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കാലവർഷക്കെടുതിമൂലം മടവീഴ്ചയുണ്ടായ പാടശേഖരങ്ങളിലെ ബണ്ടുകളുടെ പുനർനിർമ്മാണത്തിനായി ആവശ്യമായ എസ്റ്റിമേറ്റ് തുകയുടെ 85% അല്ലെങ്കിൽ ഹെക്ടറിന് പരമാവധി 5000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനായി 10 ലക്ഷം രൂപ 2006-07 വർഷത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾ ഇൻഷ്വൂർ ചെയ്ത കർഷകർക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി ഫണ്ടിൽനിന്നും ആനുകൂല്യം നൽകി വരുന്നു.

കൂടാതെ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ല്, വാഴ, മരച്ചീനി, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ എന്നീ വിളകൾ ഇൻഷ്വർ ചെയ്ത കർഷകർക്ക് ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതാണ്.

## ഗുണ്ടാ-മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനുള്ള നടപടി

44 ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. പി. കൃഷ്ണപ്രസാദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാ-മാഫിയാ സംഘങ്ങളുടെ അതിക്രമങ്ങളുടെ ഫലമായി ഭീകരമായ അന്തരീക്ഷമാണ് കഴിഞ്ഞ മൂന്നു നാലു വർഷമായി സംസ്ഥാനത്ത് ഉള്ളതെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണ്ടാ-മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങൾക്ക് സ്വൈര ജീവിതം ഉറപ്പുവരുത്തുന്നതിനുമായി നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

(എ) ഗുണ്ടാ-മാഫിയാ സംഘങ്ങളുടെ അതിക്രമങ്ങളുടെ ഫലമായി ഭീകരമായ അന്തരീക്ഷം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല; എന്നാൽ സ്ഥിരം കുറ്റവാളികളും സാമൂഹ്യവിരുദ്ധൻമാരും ഒറ്റക്കും സംഘടിതമായും വല്ലപ്പോഴുമൊക്കെ ആക്രമണങ്ങൾ നടത്താറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള നിയമമുപയോഗിച്ച് ഗുണ്ടാ സംഘങ്ങൾക്കെതിരെ ശക്തമായ നടപടികൾ കൈകൊള്ളുന്നതാണ്. കൂടാതെ ക്രിമിനൽ നടപടി നിയമത്തിലെ 107-ാം വകുപ്പ് അനുസരിച്ചും ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. സാധാരണ ജനങ്ങൾക്ക് ഭീഷണി ഉയർത്തുന്ന ബ്ലേഡ് മാഫിയ, മണൽ മാഫിയ, ചാരായ ലോബി, വാഹനങ്ങൾ പിടിച്ചെടുക്കുന്ന സംഘങ്ങൾ തുടങ്ങിയ എല്ലാവിധ ഗുണ്ടാപ്രവർത്തനങ്ങൾക്കെതിരെയും ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്.

## പോലീസ് സേനയെ നവീകരിക്കുന്നതിന് പദ്ധതി

45 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. എ. കെ. ചന്ദ്രൻ
ശ്രീ. വി. എസ്. സുനിൽകുമാർ
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. പള്ളിപ്രം ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസിൽ ഹൈടെക് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ; അവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്. പോലീസ് സേനയെ നവീകരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി പോലീസ് നവീകരണ പദ്ധതി. (Modernisation of State Police Force) നടപ്പിലാക്കി വരുന്നു

(ബി) ഉണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ, തൃശൂർ എന്നിവിടങ്ങളിൽ രണ്ട് റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറികൾ തുടങ്ങുന്നതിന് നടപടി എടുത്തിട്ടുണ്ട്. ഡി.എൻ.എ., ഫിംഗർ പ്രിന്റ് ഫെസിലിറ്റി, പോളിഗ്രാഫ് തുടങ്ങിയ ആധുനിക സംവിധാനം ഏർപ്പെടുത്തുവാൻ നടപടി എടുത്തുവരുന്നു. ഫിംഗർ പ്രിന്റ് ബ്യൂറോ, പോലീസ് ഫോട്ടോഗ്രാഫിക് ബ്യൂറോ, ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്ക്വാഡ് തുടങ്ങിയ യൂണിറ്റുകളിലേയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി എടുത്തിട്ടുണ്ട്. ജില്ലാ പോലീസ് ഓഫീസുകളുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും സിഡാക്കിന്റെ സഹായത്തോടുകൂടി ഒരു ഹൈടെക് ക്രൈം എൻക്വയറി സെൽ തുടങ്ങുന്നതിനും 2006-07 നവീകരണ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും ആട്ടോമാറ്റിക് ഫിംഗർ പ്രിന്റ് ഇമേജിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും ആധുനിക ലേസർ സ്പീഡ് ചെക്ക് റഡാർ, ഡിജിറ്റൽ ബ്രീത്ത് അനലൈസർ, കമ്പ്യൂട്ടർ സിമുലേറ്റർ ആംസ് ട്രെയിനിംഗ് സിസ്റ്റം, ഫയർ ആംസ് ട്രെയിനിംഗ് സിസ്റ്റം എന്നിവ തുടങ്ങുന്നതിനും നവീകരണ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിന് പ്രത്യേക നടപടികൾ നിലവിലില്ല. എന്നാൽ പോലീസ് സേനയിലെ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെയും കേസുകളിൽ ഉൾപ്പെടുന്നവർക്കെതിരെയും നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ പോലീസ് ആസ്ഥാനത്ത് ശേഖരിച്ചുവരുന്നുണ്ട്.

## <u>സംസ്ഥാനത്തിന്റെ ധനസ്ഥിതി</u>

46 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള ധനസ്ഥിതിയെ സംബന്ധിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പൊതുകടം എത്രയാണെന്നറിയിക്കാമോ;

(സി) ഏതെല്ലാം ഇനങ്ങളിൽ ഉള്ളതാണ് ഈ കടം എന്ന് വിശദമാക്കാമോ?

**ഉത്തരം:- ഡോ. തോമസ് ഐസക്**
**(ധനകാര്യ വകുപ്പു മന്ത്രി)**

(എ) ധനസ്ഥിതി കണക്കാക്കുന്നത് പ്രധാനമായും മുൻവർഷത്തെ റവന്യൂകമ്മി, ധനകമ്മി, പൊതുകടം, പദ്ധതിചെലവ് മുതലായവ കൂടി കണക്കിലെടുത്താണ്. 2005-06 ലെ താല്ക്കാലിക കണക്ക് പ്രകാരം റവന്യൂകമ്മി 3562 കോടി രൂപയും ധനകമ്മി 4513 കോടി രൂപയും ആയിരുന്നു. 2005-06 വർഷാവസാനം 45637 കോടി രൂപയുടെ പൊതുകടവും നിലവിലുള്ളതായി താല്ക്കാലിക കണക്കുകൾ കാണിക്കുന്നു.

(ബി) 2005-06 സാമ്പത്തിക വർഷത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്ക് ഉൾപ്പെടെ 31-3-2006 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 45637 കോടി രൂപയായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) സംസ്ഥാന സർക്കാരിന്റെ പൊതുകടം പ്രധാനമായും കേന്ദ്ര സർക്കാർ വായ്പ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിപണിയിൽ നിന്നുമുള്ള ആഭ്യന്തര കടം, സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവയിൽ നിന്നുള്ള വായ്പ എന്നിങ്ങനെയാണ്.

## കുട്ടനാട് മേഖലയിലെ നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ

47 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മേഖലയിൽ നെൽകൃഷിക്കാർ അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സമുദ്ര നിരപ്പിനുതാഴെ കൃഷി ചെയ്യുന്ന മേഖല എന്ന നിലയിൽ ഇവിടത്തെ പരിസ്ഥിതി സംരക്ഷണത്തിനും നെല്ലുൽപ്പാദന വർദ്ധനവിനു വേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;വിശദമാക്കുമോ;

(സി) ഇതിനായി ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) കുട്ടനാട് മേഖലയിലെ നെൽകൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ട്. പ്രധാന പഠനറിപ്പോർട്ടുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത പഠനങ്ങളും കൃഷി വകുപ്പ് നേരിട്ട് നടത്തിയ പഠനങ്ങളും സമാഹൃതമാക്കുമ്പോൾ വെള്ളപ്പൊക്ക ഭീഷണി, പുറംബണ്ട് ഒലിച്ചുപോകൽ, ഉപ്പുവെള്ളകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിചെലവ്, കീടരോഗബാധ ഇവയാണ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ എന്ന് മനസ്സിലായിട്ടുണ്ട്.

(ബി) കുട്ടനാട് സമഗ്രവികസന പദ്ധതിയ്ക്കുവേണ്ടി 200 കോടി രൂപ മതിപ്പുചെലവു വരുന്ന ഒരു പദ്ധതി കേരള ഭൂവികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ നബാർഡിന്റെ കൺസൾട്ടൻസി വിഭാഗമായ നാബ്കോൺസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ഏകദേശം 33,000 ഹെക്ടർ വരുന്ന ചെറുതും വലുതുമായ 600-നുമേൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. നെൽകൃഷി വികസനത്തിനോടൊപ്പം മത്സ്യകൃഷിയുടെ സമഗ്രവികസനത്തിനും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത രീതിയിലുള്ള വെള്ളപ്പൊക്ക നിയന്ത്രണം, ജലസേചന സൗകര്യ വികസനം, ഉപ്പുവെള്ള നിയന്ത്രണം എന്നിവയെല്ലാം പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിച്ച മൂന്ന് പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. അവ ആരംഭിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 22,000 ഹെക്ടർ പാടശേഖരങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി തുടർന്നു വരുന്നു.

പരിസ്ഥിതി സംരക്ഷണത്തിനും ഉല്പാദന വർദ്ധനവിനും ഉതകുന്ന പദ്ധതികൾ തന്നെയാണ് സർക്കാർ ഇവിടെ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 33,000 ഹെക്ടർ വരുന്ന മൊത്തം പുഞ്ചപ്പാടങ്ങളിൽ വിരിപ്പൂകൃഷി 7500 ഹെക്ടർ ആയി ചുരുക്കുക, വിരിപ്പൂകൃഷി ഒരു പാടശേഖരത്തിന് ഒന്നിടവിട്ട വർഷങ്ങളിൽ മാത്രം നടത്തുക, 'ഒരു നെല്ലും ഒരു മീനും' പദ്ധതിഎന്നിവ പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്ന പദ്ധതികളാണ്.

(സി) ഗൗരവമായി പരിശോധിക്കുന്നതാണ്.

## അനുബന്ധം

കുട്ടനാട് മേഖലയിലെ നെൽകൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനറിപ്പോർട്ടുകൾ താഴെപ്പറയുന്നവയാണ്.

| | | |
|---|---|---|
| 1) | **Report of the Kuttanadu Water Balance Study** | **- 1988** |
| 2) | **Report of the Kuttanad Development Project, Government of Kerala** | **- 1974** |
| 3) | **"Kuttanad Development Scheme" Government of Travancore-Cochin** | **- 1951** |
| 4) | **"Malady-Remedy Analysis of Kuttanad Development Projects and recommendation" Government of Kerala** | **– 1979** |
| 5) | **Report of the Expert Committee on Paddy cultivation by the Kerala Agricultural University** | **– 2002** |
| 6) | **Janardanan Nair Commission** | **– 1990** |
| 7) | **Report of Syamasundaran Nair Commission** | **- 2000** |

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിനോദ സഞ്ചാര മേഖല വികസനം

48 ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. സി. കെ. സദാശിവൻ
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിനോദ സഞ്ചാര മേഖല വികസിപ്പിക്കാൻ ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരം ഒരു പഠനം നടത്താൻ തയ്യാറാകുമോ;

(ഡി) വിനോദസഞ്ചാര വികസന പദ്ധതികളുടെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടൂറിസം വകുപ്പു വഴി എന്തെല്ലാം സഹായങ്ങൾ നല്കി വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്. വിശദാംശം തയ്യാറാക്കിവരുന്നതേയുള്ളൂ.

(ബി) ടൂറിസം വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ മൂന്നാർ സബ്റീജിയന് വേണ്ടി നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയ കരടു വികസന പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് അറിയുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) പദ്ധതികൾ സമർപ്പിക്കുന്ന മുറയ്ക്ക് വിനോദസഞ്ചാര വികസനത്തിന് നേരിട്ട് ഗുണകരമാകുന്ന പദ്ധതികൾ തെരഞ്ഞെടുത്ത് അവയ്ക്ക് ധനസഹായം നൽകുകയാണ് പതിവ്. മാലിന്യ സംസ്കരണം, ടൂറിസം റോഡുകളുടെ വികസനം, കനാലുകളുടെ നവീകരണം, നടപ്പാതകളുടെ വികസനം തുടങ്ങിയ പദ്ധതികൾക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകിവരുന്നത്.

## വിനോദസഞ്ചാരമേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

49 ശ്രീ. സി. ടി. അഹമ്മദ് അലി
ശ്രീ. യു. സി. രാമൻ
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംസ്ഥാനത്ത് ടൂറിസം മേഖലയിൽ എന്തു തുകയുടെ നിക്ഷേപം ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് ഏതൊക്കെ മേഖലയിലാണെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിൽ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**ഉത്തരം:- ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

(എ) കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏകദേശം രണ്ടായിരത്തിഅഞ്ചൂറു കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) പ്രധാനമായും നിക്ഷേപം വരുന്ന മേഖലകൾ താമസസൗകര്യം, ഗതാഗത സൗകര്യം, റസ്റ്റോറന്റുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, വഴിയോര സൗകര്യങ്ങൾ തുടങ്ങിയവയാണ്.

(സി) കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നിക്ഷേപകരെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള പ്രചരണ പ്രവർത്തനങ്ങളും നിക്ഷേപകരായെത്തുന്നവരെ സഹായിക്കുന്നതിനുള്ള നടപടികളും, പ്രത്യേക ടൂറിസം മേഖലകളിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി കൂടുതൽ ഇളവുകളും നൽകുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനും ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു.

## എൻഡോസൾഫാൻ കീടനാശിനി ഉപയോഗം

50 ശ്രീ. സി.എച്ച്. കുഞ്ഞാംബു
,, സി.കെ.പി. പത്മനാഭൻ
,, വി.എൻ. വാസവൻ
,, എ. പ്രദീപ് കുമാർ
,, വി. ശശികുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ കീടനാശിനി പ്രയോഗം മൂലം നിരവധി ആളുകൾ മരിച്ചതും നൂറുകണക്കിന് ആളുകൾ രോഗബാധിതരായി കഷ്ടപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഈ കീടനാശിനിയുടെ ഉപയോഗം സംസ്ഥാനത്ത് നിരോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) എൻഡോസൾഫാൻ എന്ന കീടനാശിനി തളിച്ചതുമൂലം രോഗം ബാധിച്ച് കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ നാലരവർഷമായി ആളുകൾ മരിച്ചതായി സർക്കാരിന് റിപ്പോർട്ട് കിട്ടിയിട്ടില്ല. എന്നാൽ മുൻപ് എൻഡോസൾഫാൻ തളിച്ച പ്രദേശങ്ങളിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ 446 പേർ അംഗവൈകല്യം അനുഭവിക്കുന്നതായി കണ്ടെത്തുകയും അവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം നൽകാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവരുടെ പുനരധിവാസത്തിനു വേണ്ടി സമഗ്രപദ്ധതി തയ്യാറാക്കി വരികയാണ്. ആരോഗ്യ വകുപ്പും സാമൂഹ്യക്ഷേമവകുപ്പുമാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് മുഖേന പുനരധിവാസ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല.

(സി) ഈ കീടനാശിനിയുടെ. ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

## <u>പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം</u>

51 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. സുധാകരൻ
,, ജോർജ് മേഴ്സിയർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം കൊണ്ടുളള കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ചിട്ടുളള മാനദണ്ഡങ്ങൾ ആവിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) അതിനുശേഷം പ്രസ്തുത മാനദണ്ഡങ്ങൾക്ക് എത്ര പ്രാവശ്യം മാറ്റം വരുത്തുകയുണ്ടായി;

(സി) ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഓരോ ഇനം കൃഷിക്കും നൽകുന്ന നഷ്ടപരിഹാരം എത്രയെന്ന് അറിയിക്കാമോ;

(ഡി) ഇത് കൃഷിച്ചെലവിനേക്കാൾ വളരെകുറവും കർഷകന് ലഭിക്കേണ്ട ആദായത്തിന്റെ അടിസ്ഥാനത്തിൽ നാമമാത്രവുമാണെന്നതു കണക്കിലെടുത്ത് ഇത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

**ഉത്തരം:- ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പു മന്ത്രി)**

(എ) 3-3-1981 ലെ ജി.ഒ.(പി.)നം.63/81/എ.ഡി.(പ്ളാനിംഗ് II) ഉത്തരവു പ്രകാരമുള്ള മാനദണ്ഡം അനുസരിച്ചാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നത്.

(ബി) മേൽപ്പറഞ്ഞ ഉത്തരവിനു ശേഷം അഞ്ചു പ്രാവശ്യം മാനദണ്ഡങ്ങൾക്ക് മാറ്റം വരുത്തുകയുണ്ടായി.

(സി) ഓരോ വിളയ്ക്കും ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാര തുകയുടെ വിശദാംശം അനുബന്ധം ഒന്നിലും രണ്ടിലും ചേർത്തിട്ടുണ്ട്.

(ഡി) ധനസഹായത്തുക ഉല്പാദനച്ചെലവിന് ആനുപാതികമായി ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് നടപടി

52 ശ്രീമതി പി. അയിഷാപോറ്റി
ശ്രീ. മുരളി പെരുനെല്ലി
,, കെ. സി. കുഞ്ഞിരാമൻ
,, എം. പ്രകാശൻ മാസ്റ്റർ
ശ്രീമതി ജെ. അരുന്ധതി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്ത് തീവ്രവാദ സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയുധ ശേഖരങ്ങളും, ബോംബ് ശേഖരവും മറ്റു നിരോധിത വസ്തുക്കളും പിടിച്ചെടുക്കുന്നതിന് സർക്കാർ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(സി) കോഴിക്കോട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും അടുത്ത കാലത്ത് പിടിച്ചെടുത്ത സ്ഫോടകവസ്തുക്കളുടെ പിന്നിലുള്ള വ്യക്തികളും സംഘടനകളും ഏതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) തീവ്രവാദ സംഘടനകളുടെ പ്രവർത്തനം അമർച്ചചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

(എ) ശക്തിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആയുധശേഖരങ്ങളും, ബോംബ്ശേഖരവും മറ്റു നിരോധിത വസ്തുക്കളും പിടിച്ചെടുക്കുന്നതിന് രഹസ്യാന്വേഷണ ഏജൻസികൾ വഴി അന്വേഷണം നടത്തിയും ഹൈവേ പോലീസിനെ നിയോഗിച്ച് വാഹനപരിശോധനകൾ കർശനമാക്കിയും റെയ്ഡുകൾ നടത്തിയും ഇത്തരം പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളെ നിരന്തരം നിരീക്ഷിച്ചും ആയുധ ശേഖരങ്ങളെക്കുറിച്ചും, ബോംബു ശേഖരങ്ങളെക്കുറിച്ചും വിവരം ലഭിക്കുന്നതിന് വിവിധ രഹസ്യാന്വേഷണ ഏജൻസികളെ ഏകോപിപ്പിച്ചും ഇതര സംസ്ഥാനങ്ങളിലെ പോലിസ് സേനകളുമായി നിരന്തരം ബന്ധപ്പെട്ട് ഇത്തരത്തിലുള്ള വിവരങ്ങൾ ശേഖരിച്ചും ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പ്പോസൽ സ്ക്വാഡ് (BDDS) Dog squad എന്നിവയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തിയും പരിശീലനം ലഭിച്ച കമാണ്ടോകളെ നിയോഗിച്ചും തീരദേശ പോലീസിന്റെ സേവനം വിനിയോഗിച്ചും വേണ്ട നടപടികൾ എടുത്തുവരുന്നു.

(സി) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി അടുത്ത കാലത്ത് (2005 ജൂലൈ 1 മുതൽ 15-6-2006 വരെ) സ്ഫോടക വസ്തുക്കൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 102 കേസുകളിൽ 138 പേരെ പ്രതികളായി കണ്ടെത്തിയിട്ടുണ്ട്. ഇവരിലാർക്കെങ്കിലും ഏതെങ്കിലും സംഘടനകളുമായി ബന്ധമുണ്ടോയെന്ന് പരിശോധിച്ചു വരുന്നു.

(ഡി) Maneser, Hariyana എന്ന സ്ഥലത്തുള്ള നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ (NSG) കമാണ്ടോ ട്രെയിനിംങ്ങ് സെന്ററിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 43 കമാന്റോകളെ തീവ്രവാദ ആക്രമണം, ഹൈജാക്കിംഗ് റെസ്ക്യൂ ഓപ്പറേഷൻ എന്നിവ കൈകാര്യം ചെയ്യുവാൻ വേണ്ടി പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ 60 പേരെക്കൂടി ഇത്തരം ട്രെയിനിംങ്ങിന് പരിശീലനത്തിന് അയയ്ക്കാനും അതിനുശേഷം കമാന്റോകളായി നിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

വിവിധ ഇന്റലിജൻസ് ഏജൻസികളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് രഹസ്യ വിവര ശേഖരണവും കമാന്റോ നടപടികളും നടത്തിവരുന്നു. ഇതിനായി ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് സ്പോർട്ട് ടീം (ISI ST) കോർ വിഭാഗം സദാ

പ്രവർത്തിച്ചുവരുന്നു. BDDS, Dog Squad എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

കേരളത്തിന്റെ തീരദേശങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള തീവ്രവാദ പ്രവർത്തനങ്ങളെ അമർച്ച ചെയ്യുന്നതിന് 8 തീരദേശ പോലീസ് സ്റ്റേഷനുകൾ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് ഉടനെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹൈവേ പോലീസിന് നിതാന്ത ജാഗ്രത പുലർത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക സജ്ജീകരണങ്ങളോടുകൂടിയ മുഴുവൻ സമയം പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ വിപുലീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ട്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മാത്രമായി സംസ്ഥാന ഇന്റലിജൻസ് ആസ്ഥാനത്ത് ഒരു extremist cell പ്രവർത്തിച്ചു വരുന്നു.

## വിഭവ സമാഹരണത്തിന് പ്രത്യേക പാക്കേജ്

53 ശ്രീ. എം.എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിഭവ സമാഹരണത്തിനായി പ്രത്യേക പാക്കേജിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പാക്കേജിന്റെ വിശദാംശം നൽകുമോ; പ്രസ്തുത പാക്കേജിന്റെ ഫലമായി എന്തു തുക അധികം പിരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ഡോ. തോമസ് ഐസക്**
**(ധനകാര്യ വകുപ്പു മന്ത്രി)**

(എ) നിലവിൽ വിഭവ സമാഹരണത്തിനായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.